ഉത്തരം

(എ) 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി & സി) ജയിൽ ചട്ടങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) എസ്.ആർ.ഒ നമ്പർ 310/2014 ആയി 23-5-2014-ൽ പ്രസ്തുത ചട്ടങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തടവുകാരെ നിരീക്ഷിക്കുന്നതിന് കർമ്മപരിപാടി

190 (7753) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് തയ്യാറാക്കിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി സെല്ലുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) സന്ദർശകരെയും തടവുകാരെയും നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) തടവുകാരെ എല്ലായ്പ്പോഴും നിരീക്ഷിക്കുന്നതിനായി എല്ലാ ജയിലുകളിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ആറ് ജയിലുകളിൽ സി.സി.ടി.വി. സർവെയ്ലൻസ് സംവിധാനം ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. ഈ ജയിലുകളിൽ സന്ദർശകരേയും തടവുകാരേയും നിരീക്ഷിക്കുന്നതിനായി സന്ദർശന മുറികളിലും തടവുകാരുടെ സെല്ലുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ടി ജയിലുകളിൽ ക്യാമറകളിൽ നിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരെ സി.സി.റ്റി.വി. കൺട്രോൾ റൂമുകളിൽ നിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സൂപ്രണ്ടുമാരും സി.സി.ടി.വി ക്യാമറകളിൽനിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടുതൽ ജയിലുകളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly